പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 45

# 2017-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) റദ്ദാക്കൽ ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 45

# 2017-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) റദ്ദാക്കൽ ബിൽ

213/2017.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 45

# 2017-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) റദ്ദാക്കൽ ബിൽ

## 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് റദ്ദാക്കുന്നതിനുള്ള

## ഒരു

## ബിൽ

പീഠിക.—2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് റദ്ദാക്കേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2017-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) റദ്ദാക്കൽ ആക്ട് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2016-ലെ 5-ാം നമ്പർ ആക്ടിന്റെ റദ്ദാക്കൽ.—2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് (2016-ലെ 5) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

3. ഒഴിവാക്കൽ.—അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, അപ്രകാരമുള്ള റദ്ദാക്കൽ, 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് (2016-ലെ 5) പ്രാബല്യത്തിൽ വന്ന തീയതി മുതൽ 2016-ലെ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് (2016-ലെ 16-ാം കേന്ദ്ര ആക്ട്) പ്രാബല്യത്തിൽ വന്ന തീയതി വരെ റദ്ദാക്കപ്പെട്ട ആക്ട് പ്രകാരം ചെയ്തതോ നേരിട്ടതോ ആയ ഏതിന്റെയെങ്കിലും സാധുതയോ സാധുതയില്ലായ്മയെയോ പ്രഭാവത്തെയോ അനന്തരഫലത്തെയോ അഥവാ ഇതിനകം ആർജ്ജിച്ചിട്ടുള്ളതോ പ്രാപ്തമായതോ നേരിട്ടതോ ആയ ഏതെങ്കിലും അവകാശത്തെയോ ഉടമസ്ഥാവകാശത്തെയോ, കർത്തവ്യത്തെയോ, ബാദ്ധ്യതയെയോ അഥവാ അവ സംബന്ധിച്ച ഏതെങ്കിലും പരിഹാരത്തെയോ നടപടിയെയോ അഥവാ ഏതെങ്കിലും കടം, പിഴ, കർത്തവ്യം, ബാദ്ധ്യത, അവകാശവാദം അല്ലെങ്കിൽ ആവശ്യപ്പെടൽ എന്നിവയെ സംബന്ധിച്ചോ അവയിൽ നിന്നുമുള്ള മോചനത്തെയോ ബാദ്ധ്യതാ വിമുക്തിയെയോ അഥവാ ഇതിനകം നൽകിയിട്ടുള്ള ഏതെങ്കിലും നഷ്ടോത്തരവാദത്തെയോ അഥവാ മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും പ്രവൃത്തിയെയോ കാര്യത്തെയോ ബാധിക്കുന്നതല്ലാത്തതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് (2016-ലെ 5) 2015 മേയ് 4-ാം തീയതി പ്രാബല്യത്തിൽ വന്നു. എന്നാൽ ഈ വിഷയത്തിലുള്ള കേന്ദ്ര ആക്ടായ 2016-ലെ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ടിലെ (2016-ലെ 16-ാം കേന്ദ്ര ആക്ട്) ഏതാനും വകുപ്പുകൾ 2016 മേയ് 1-ാം തീയതി നിലവിൽ വന്നു. ഭാരതത്തിന്റെ ഭരണഘടനയുടെ 254-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലം ഉണ്ടാക്കിയ ഒരു നിയമത്തിലെ വ്യവസ്ഥകൾ പാർലമെന്റ് ഉണ്ടാക്കിയ നിയമത്തിന് വിരുദ്ധമാണെങ്കിൽ സംസ്ഥാന നിയമനിർമ്മാണ മണ്ഡലം ഉണ്ടാക്കിയ നിയമം അസാധുവാകുന്നതാണ്. ആയതിനാൽ 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് റദ്ദാക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

ഡോ. കെ. ടി. ജലീൽ.